| 25–04–2025 | പ്രഭാത മുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ – ബാബയുടെ ശ്രീമതം നിങ്ങളെ സദാ സുഖിയാക്കി മാറ്റുന്നതാണ്, അതുകൊണ്ട് ദേഹധാരികളുടെ നിർദ്ദേശം ഉപേക്ഷിച്ച് ഒരു ബാബയുടെ ശ്രീമത്തിലൂടെ നടക്കൂ.**

**ചോദ്യം:–** ഏത് കുട്ടികളുടെ ബുദ്ധിയുടെ അലച്ചിലാണ് ഇപ്പോഴും അവസാനിച്ചിട്ടില്ലാത്തത്?
**ഉത്തരം:–** ആർക്കാണോ ഉയർന്നതിലും ഉയർന്ന ബാബയുടെ മതത്തിൽ വിശ്വാസമില്ലാത്തത്, അവരുടെ അലച്ചിൽ ഇപ്പോഴും അവസാനിച്ചിട്ടില്ല. ബാബയിൽ പൂർണ്ണമായ നിശ്ചയമില്ലാത്തതു കാരണം രണ്ട് ഭാഗത്തും കാൽ വെയ്ക്കുകയാണ്. ഭക്തി, ഗംഗാസ്നാനം തുടങ്ങിയവയും ചെയ്യും ബാബയുടെ മതത്തിലൂടെയും നടക്കും. ഇങ്ങനെയുള്ള കുട്ടികളുടെയവസ്ഥയെന്തായിരിക്കും! ശ്രീമതത്തിലൂടെ പൂർണ്ണമായി നടക്കുന്നില്ല അതുകൊണ്ട് ബുദ്ധിമുട്ട് അനുഭവിക്കുന്നു.

**ഗീതം:–** ഈ പാപത്തിന്റെ ലോകത്തു നിന്ന്....

**ഓം ശാന്തി**. കുട്ടികൾ ഭക്തരുടെ ഈ ഗീതം കേട്ടുവല്ലോ. ഇപ്പോൾ നിങ്ങൾ ഇങ്ങനെ പറയുന്നില്ല. നിങ്ങൾക്കറിയാം നമുക്ക് ഉയർന്നതിലും ഉയർന്ന ബാബയെ ലഭിച്ചിരിക്കുകയാണ്, ഉയർന്നതിലും ഉയർന്നത് ഒരേയൊരു ബാബ മാത്രമാണ്. ബാക്കി ഈ സമയം ഏതെല്ലാം മനുഷ്യരുണ്ടോ, എല്ലാവരും താഴ്ന്നവരിലും താഴ്ന്നവരാണ്. ഉയർന്നതിലും ഉയർന്ന മനുഷ്യരും ഭാരതത്തിൽ ഈ ദേവീ ദേവതകൾ തന്നെയായിരുന്നു. അവരുടെ മഹിമയാണ് – സർവ്വഗുണ സമ്പന്നൻ... ഇപ്പോൾ മനുഷ്യർക്കിത് അറിയുകയില്ല ഈ ദേവതകളെ ഇത്രയും ഉയർന്നവരാക്കി മാറ്റിയതാരാണ്. ഈ സമയം തീർത്തും പതിതരായി മാറിയിരിക്കുന്നു. ബാബ ഉയർന്നതിലും ഉയർന്നതാണ്. സാധു സന്യാസിമാരെല്ലാം ഈശ്വരനെ സാധന ചെയ്യുന്നു. ഇങ്ങനെയുള്ള സന്യാസിമാരുടെ പിറകെ മനുഷ്യർ അരകല്പം അലയുന്നു. ബാബ വന്നു കഴിഞ്ഞു, നമ്മൾ ബാബയുടെ കൂടെ പോകുമെന്ന് ഇപ്പോൾ നിങ്ങൾക്ക് മനസ്സിലായി. ബാബ നമുക്ക് ശ്രീമതം നൽകി ശ്രേഷ്ഠത്തിലും ശ്രേഷ്ഠം, സദാ സുഖിയാക്കുന്നു. രാവണന്റെ മതത്തിലൂടെ നിങ്ങളിപ്പോൾ എത്ര തുച്ഛ ബുദ്ധിയായിരിക്കുന്നു. ഇപ്പോൾ നിങ്ങളിനി ആരുടെയും മതത്തിലൂടെ നടക്കരുത്. പതിത പാവനനായ എന്നെ വിളിച്ചു വീണ്ടുമെന്തിന് നശിപ്പിക്കുന്നവരുടെ പിറകെ പോയി അകപ്പെടണം! ഒരാളുടെ മതത്തെ ഉപേക്ഷിച്ച് അനേകരുടെ മതത്തിലേയ്ക്ക് പോയി എന്തിന് ബുദ്ധിമുട്ട് അനുഭവിച്ചുകൊണ്ടിരിക്കുന്നു? ചില കുട്ടികൾ ജ്ഞാനവും കേട്ടുകൊണ്ടിരിക്കും ഒപ്പം തന്നെ പോയി ഗംഗാസ്നാനവും ചെയ്യും, ഗുരുക്കന്മാരുടെയടുത്തേയ്ക്കും പോകും... ബാബ പറയുകയാണ് ആ ഗംഗ പതിത പാവനിയൊന്നുമല്ല. എന്നിട്ടും നിങ്ങൾ മനുഷ്യരുടെ മതത്തിലൂടെ പോയി ഗംഗാസ്നാനമെല്ലാം ചെയ്യുകയാണെങ്കിൽ ബാബ പറയും– ഉയർന്നതിലും ഉയർന്ന പിതാവായ എന്റെ മതത്തിൽ പോലും വിശ്വാസമില്ല. ഒരു ഭാഗത്ത് ഈശ്വരീയ മതം, മറുഭാഗത്ത് ആസുരീയ മതം. അവരുടെ അവസ്ഥ എന്തായിരിക്കും. രണ്ടു ഭാഗത്തും കാല് വെയ്ക്കുകയാണെങ്കിൽ കീറിമുറിക്കപ്പെടും. ബാബയിൽ പോലും പൂർണ്ണമായ നിശ്ചയം വെയ്ക്കുന്നില്ല. ബാബാ ഞാൻ അങ്ങയുടേതാണെന്ന് പറയുകയും ചെയ്യുന്നു. അങ്ങയുടെ ശ്രീമതത്തിലൂടെ ഞാൻ ശ്രേഷ്ഠനായി മാറും. ഞങ്ങൾ ഉയർന്നതിലും ഉയർന്ന ബാബയുടെ മതത്തിലൂടെ തങ്ങളുടെ ചുവട് വെയ്ക്കുന്നു. ശാന്തിധാം, സുഖധാമിന്റെ അധികാരിയാക്കി മാറ്റുന്നതും ബാബ തന്നെയാണ്. ബാബ പറയുകയാണ് – ആരുടെ ശരീരത്തിലാണോ ഞാൻ പ്രവേശിച്ചത് അദ്ദേഹത്തിന് 12 ഗുരുക്കന്മാരുണ്ടായിരുന്നു, എന്നിട്ടും തമോപ്രധാനമായി, ഫലം ഒന്നും തന്നെ ഉണ്ടായില്ല. ഇപ്പോൾ ബാബയെ കിട്ടിയപ്പോൾ എല്ലാവരെയും ഉപേക്ഷിച്ചു. ഉയർന്നതിലും ഉയർന്ന ബാബയെ ലഭിച്ചു, ബാബ പറയുകയാണ് – മോശമായത് കേൾക്കരുത്, മോശമായത് കാണരുത്... എന്നാൽ മനുഷ്യർ തീർത്തും തമോപ്രധാന ബുദ്ധികളാണ്. ഇവിടെയും അനേകരുണ്ട്, ശ്രീമതത്തിലൂടെ നടക്കാൻ സാധിക്കില്ല. ശക്തിയില്ല. മായ ബുദ്ധിമുട്ട് കൊടുത്തുകൊണ്ടിരിക്കുന്നു കാരണം രാവണൻ ശത്രുവാണ്, രാമൻ മിത്രമാണ്. ചിലർ രാമനെന്നും, ചിലർ ശിവനെന്നും പറയും. യഥാർത്ഥ പേര് ശിവപിതാവെന്നാണ്. ഞാൻ പുനർ ജന്മത്തിൽ വരുന്നില്ല. ഡ്രാമയിൽ എന്റെ പേര് ശിവനെന്ന് വെച്ചിരിക്കുകയാണ്. ഒന്നിന് 10 പേര് വെച്ചിരിക്കുന്നത് കൊണ്ട് മനുഷ്യർ സംശയിച്ച് പോവുകയാണ്, ആര് വരുന്നോ പേര് വെയ്ക്കുന്നു. യഥാർത്ഥത്തിൽ എന്റെ പേര് ശിവനെന്നാണ്. ഞാൻ ഈ ശരീരത്തിൽ പ്രവേശിക്കുന്നു. ഞാൻ കൃഷ്ണനിലൊന്നും വരുന്നില്ല. വിഷ്ണു സൂക്ഷ്മ വതനവാസിയാണെന്ന് അവർ മനസ്സിലാക്കുന്നു. വാസ്തവത്തിൽ വിഷ്ണു പ്രവർത്തിമാർഗ്ഗത്തിന്റെ യുഗിൾ രൂപമാണ്. ബാക്കി 4 കൈകളൊന്നുമില്ല. 4 കൈകൾ അർത്ഥം പ്രവൃത്തി മാർഗ്ഗം, 2 കൈകൾ അർത്ഥം നിവൃത്തി മാർഗ്ഗം. ബാബ പ്രവൃത്തി മാർഗ്ഗത്തിനുള്ള ധർമ്മം സ്ഥാപിക്കുകയാണ്. സന്യാസിമാർ നിവൃത്തി മാർഗ്ഗത്തിലുള്ള

വരാണ്. പ്രവൃത്തി മാർഗ്ഗത്തിലുള്ളവർ തന്നെയാണ് പിന്നീട് പാവനത്തിൽ നിന്നും പതിതമായി മാറുന്നത് അതുകൊണ്ട് സൃഷ്ടിയെ താങ്ങിനിർത്തുന്നതിന് വേണ്ടിയാണ് സന്യാസിമാരുടെ പവിത്രമാകുന്നതിന്റെ പാർട്ടുള്ളത്. അവരും ലക്ഷം - കോടിക്കണക്കിനുണ്ട്. മേള നടക്കുമ്പോൾ അനേകർ വരുന്നു, അവർ ഭക്ഷണം ഉണ്ടാക്കുന്നില്ല, ഗൃഹസ്ഥികളുടെ പാലനയിലൂടെ ജീവിക്കുന്നു. കർമ്മ സന്യാസം ചെയ്തു പിന്നെ ഭോജനം എവിടെ നിന്ന് കഴിക്കും! അതിനാൽ ഗൃഹസ്ഥികളിൽ നിന്ന് കഴിക്കുന്നു. ഗൃഹസ്ഥികൾ മനസ്സിലാക്കുന്നു - ഇതും ഞങ്ങളുടെ ദാനമായി. അതുപോലെ പൂജാരികളും പതിതമായിരുന്നു, പിന്നീട് ശ്രീമത്തിലൂടെ നടന്ന് പാവനമായി മാറികൊണ്ടിരിക്കുകയാണ്. ബാബയിൽ നിന്നും സമ്പത്തെടുക്കുന്ന തിനുള്ള പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുകയാണ്, അപ്പോഴാണ് ബാബയെ ഫോളോ ചെയ്യൂ എന്ന് പറയുന്നത്. മായ ഓരോ കാര്യത്തിലും മലർത്തിയടിക്കുന്നു. ദേഹാഭിമാനത്തിലൂടെ തന്നെയാണ് മനുഷ്യർ തെറ്റ് ചെയ്യുന്നത്. ദരിദ്രനാകട്ടെ സമ്പന്നനാകട്ടെ ദേഹാഭിമാനം ഇല്ലാതവണമല്ലോ. ദേഹാഭിമാനം ഇല്ലാതാക്കുന്നതിൽ തന്നെയാണ് വലിയ പരിശ്രമം. ബാബ പറയുന്നു നിങ്ങൾ സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ശരീരത്തിലൂടെ പാർട്ടഭിനയിക്കൂ. നിങ്ങൾ ദേഹാഭിമാനത്തിലേയ്ക്കെന്തിനാണ് പോകുന്നത്! ഡ്രാമയനുസരിച്ച് ദേഹാഭിമാനത്തിൽ വരുക തന്നെ വേണം. ഈ സമയത്താണെങ്കിൽ ഉറച്ച ദേഹീ അഭിമാനിയാവുക തന്നെ വേണം. ബാബ പറയുന്നു നിങ്ങൾ ആത്മാവാണ്. ആത്മാവ് തന്നെയാണ് എല്ലാം ചെയ്യുന്നത്. ആത്മാവ് ശരീരത്തിൽ നിന്നും പോയി പിന്നീട് ശരീരത്തെ മുറിക്കൂ, നിലവിളിയെന്തെങ്കിലും വരുമോ? ഇല്ല, ആത്മാവ് തന്നെയാണ് പറയുന്നത് - എന്റെ ശരീരത്തിന് ദുഃഖം തരരുത്. ആത്മാവ് അവിനാശിയാണ്, ശരീരം വിനാശിയാണ്. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി പിതാവായ എന്നെ ഓർമ്മിക്കൂ. ദേഹാഭിമാനം ഉപേക്ഷിക്കൂ.

നിങ്ങൾ കുട്ടികൾ എത്രത്തോളം ദേഹീ അഭിമാനിയായി മാറുന്നുവോ അത്രത്തോളം ആരോഗ്യവാനും നിരോഗിയുമായി മാറും. ഈ യോഗബലത്തിലൂടെ 21 ജന്മം നിങ്ങൾ നിരോഗിയായി മാറും. എത്ര മാറുന്നുവോ പദവിയും അത്ര ഉയർന്നത് ലഭിക്കും. ശിക്ഷകളിൽ നിന്ന് രക്ഷപ്പെടും. ഇല്ലായെങ്കിൽ ശിക്ഷകളൊരുപാട് അനുഭവിക്കേണ്ടി വരും. അതിനാൽ വളരെയധികം ദേഹീ അഭിമാനിയായി മാറണം. ഒരുപാട് പേരുടെ ഭാഗ്യത്തിൽ ഈ ജ്ഞാനമില്ല. എപ്പോൾ വരെ നിങ്ങളുടെ കുലത്തിൽ വരുന്നില്ലയോ അർത്ഥം ബ്രഹ്മാമുഖ വംശാവലിയാകുന്നില്ലയോ അതുവരെ ബ്രാഹ്മണനായി മാറാതെ എങ്ങനെ ദേവതയായി മാറും. അനേകർ വരുന്നുണ്ട്, ബാബാ, ബാബായെന്ന് എഴുതും അല്ലെങ്കിൽ പറയും എന്നാൽ കേവലം പറച്ചിൽ മാത്രമേയുള്ളൂ. ഒന്ന്-രണ്ട് എഴുത്തുകളെഴുതി പിന്നെ അപ്രത്യക്ഷമായി. അവരും സത്യയുഗത്തിൽ വരും എന്നാൽ പ്രജയിൽ. പ്രജകൾ ഒരുപാട് ഉണ്ടാകുമല്ലോ. മുന്നോട്ട് പോകുമ്പോൾ ഒരുപാട് ദുഃഖമുണ്ടാകും അപ്പോൾ ഒരുപാട് പേര് ഓടിവരും. പറയും - ഭഗവാൻ വന്നിരിക്കുന്നു. നിങ്ങളുടെയടുത്തും ഒരുപാട് സെന്ററുകൾ തുറക്കപ്പെടും. നിങ്ങൾ കുട്ടികളുടെ കുറവാണ്, ദേഹീ അഭിമാനിയാകുന്നില്ല. ഒരുപാട് ദേഹാഭിമാനമാണ്. അന്തിമത്തിൽ ആർക്കെങ്കിലും ദേഹാഭിമാനമുണ്ടാവുകയാണെങ്കിൽ പദവിയും കുറഞ്ഞുപോകും. പിന്നീട് വന്ന് ദാസ-ദാസിയാകും. ദാസ-ദാസിമാരും നമ്പർവൈസായി അനേകം ഉണ്ടാകുന്നു. രാജാകന്മാർക്ക് സ്ത്രീധനമായി ദാസിമാരെ ലഭിക്കുന്നു, സമ്പന്നർക്ക് ലഭിക്കുന്നില്ല. കുട്ടികൾ കാണുന്നുണ്ട് രാധ എത്ര ദാസിമാരെയാണ് സ്ത്രീധനമായി കൊണ്ട് പോകുന്നത്. മുന്നോട്ട് പോകുമ്പോൾ നിങ്ങൾക്ക് ഒരുപാട് സാക്ഷാത്ക്കാരമുണ്ടാകും. വെറുമൊരു ദാസിയാകുന്നതിനേക്കാൾ സമ്പന്ന പ്രജയാകുന്നതാണ് നല്ലത്. ദാസി അക്ഷരം മോശമാണ്. പ്രജയിൽ സമ്പന്നനായി മാറുക പിന്നെയും നല്ലതാണ്. ബാബയുടെതായി മാറിയാൽ മായ ഒന്നുകൂടി നന്നായി സത്ക്കരിക്കുന്നു. വളരെ മോശമായി മാറി യുദ്ധം ചെയ്യുന്നു. ദേഹാഭിമാനം വരുന്നു. ശിവബാബയിൽ നിന്ന് തന്നെ മുഖം തിരിക്കുന്നു. ബാബയെ ഓർമ്മിക്കുന്നത് പോലും ഉപേക്ഷിക്കുന്നു. ഭക്ഷണം കഴിക്കാൻ സമയമുണ്ട് എന്നാൽ വിശ്വത്തിന്റെ അധികാരിയാക്കിമാറ്റുന്ന ബാബയെ ഓർമ്മിക്കാൻ സമയമില്ലേ. നല്ല-നല്ല കുട്ടികൾ ശിവബാബയെ മറന്ന് ദേഹാഭിമാനത്തിലേയ്ക്ക് വരുന്നു. ഇല്ലായെങ്കിൽ ഇങ്ങനെ ജീവദാനം നൽകുന്ന ബാബയെ, ഓർമ്മിച്ച് കത്തെങ്കിലുമെഴുതും. എന്നാൽ ഇവിടെത്തെ കാര്യം പറയേണ്ടതില്ല. മായ ഒറ്റയടിക്ക് മൂക്കിന് പിടിച്ച് കൊണ്ട് പോകുന്നു. ഓരോ ചുവടിലും ശ്രീമത്തിലൂടെ നടക്കുകയാണെങ്കിൽ ഓരോ ചുവടിലും കോടികളാണ്. നിങ്ങൾ അളവറ്റ ധനവാനായി മാറുന്നു. അവിടെ എണ്ണലുണ്ടായിരിക്കില്ല. ധനവും സമ്പത്തും, വയലും തോട്ടവുമെല്ലാം ലഭിക്കുന്നു. അവിടെ ചെമ്പ്, ഇരുമ്പ്, പിച്ചള മുതലായവ ഉണ്ടായിരിക്കില്ല. സ്വർണ്ണനാണയമുണ്ടായിരിക്കും. കെട്ടിടവും സ്വർണ്ണം കൊണ്ടാണ് ഉണ്ടാക്കുന്നത് അപ്പോൾ എന്താണ് കുറവുണ്ടാകുക! ഇവിടെയാണെങ്കിൽ ഭ്രഷ്ടാചാരി ലോകമാണ്, എങ്ങനെയാണോ രാജാവും റാണിയും അതുപോലെയാണ് പ്രജയും. സത്യയുഗത്തിൽ ഏതുപോലെ രാജാവും റാണിയും അതുപോലെ പ്രജകളും എല്ലാവരും ശ്രേഷ്ഠാചാരികളാണ്. എന്നാൽ മനുഷ്യരുടെ ബുദ്ധിയിലിതൊന്നും ഇരിക്കുന്നില്ല. തമോപ്രധാനമാണ്. ബാബ മനസ്സിലാക്കി തരുകയാണ് - നിങ്ങളും ഇങ്ങനെയായരുന്നു. ഇപ്പോൾ ഞാൻ വന്ന്

ദേവതയാക്കുന്നു, എന്നിട്ടും ആകുന്നില്ല. പരസ്പരം വഴക്കടിച്ചുകൊണ്ടിരിക്കുന്നു. ഞാൻ വളരെ നല്ലതാണ്, അങ്ങനെയാണ്... തങ്ങൾ നരകത്തിലകപ്പെട്ടിരിക്കുകയാണെന്ന് മനസ്സിലാക്കുന്നില്ല, നമ്മൾ രൗരവ നരകത്തിലകപ്പെട്ടിരിക്കുകയാണ്. ഇതും നിങ്ങൾ കുട്ടികൾ നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ചാണറിയുന്നത്. മനുഷ്യർ തീർത്തും നരകത്തിൽ പെട്ടിരിക്കുകയാണ് – രാവും പകലും ചിന്തയിലകപ്പെട്ടുകൊണ്ടിരിക്കുകയാണ്. ജ്ഞാനമാർഗ്ഗത്തിൽ ആർക്കാണോ തനിക്കു സമാനമാക്കി മാറ്റുന്നതിനുള്ള സേവനം ചെയ്യാൻ സാധിക്കാത്തത്, എന്റെ, നിന്റെ എന്ന ചിന്തയിൽ കഴിയുന്നത് അവർ കടുത്ത രോഗികളാണ്. ബാബയെ അല്ലാതെ വേറെ ആരുടെയെങ്കിലും ഓർമ്മയിലാണെങ്കിൽ വ്യഭിചാരിയായില്ലേ. ബാബ പറയുകയാണ് മറ്റാരുടേയും കേൾക്കരുത്, എന്നിൽ നിന്ന് മാത്രം കേൾക്കൂ. എന്നെ ഓർമ്മിക്കൂ. ദേവതകളെ ഓർമ്മിക്കുന്നത് പിന്നെയും നല്ലതാണ്, മനുഷ്യരെ ഓർമ്മിക്കുന്നതുകൊണ്ട് ഒരു പ്രയോജനവുമില്ല. ഇവിടെയാണെങ്കിൽ ബാബ പറയുന്നു നിങ്ങൾ എന്തിന് ശിരസ്സ് കുനിക്കണം! നിങ്ങൾ ഈ ബാബയുടെയടുത്തും എപ്പോൾ വരികയാണെങ്കിലും ശിവബാബയെ ഓർമ്മിച്ചുകൊണ്ട് വരൂ. ശിവബാബയെ ഓർമ്മിക്കുന്നില്ലെങ്കിൽ പാപം ചെയ്യുകയാണ്. ബാബ പറയുകയാണ് – ആദ്യം പവിത്രമാകുന്നതിനുള്ള പ്രതിജ്ഞ ചെയ്യൂ. ശിവബാബയെ ഓർമ്മിക്കൂ. വളരെയധികം പഥ്യമുണ്ട്. വളരെ വിരളം ചിലരാണ് മനസ്സിലാക്കുന്നത്. ഇത്രയും ബുദ്ധിയില്ല. ബാബയോട് എങ്ങനെ പെരുമാറണം, ഇതിൽ തന്നെയാണ് വളരെയധികം പരിശ്രമം വേണ്ടത്. മാലയിലെ മുത്തായി മാറുക – ചിറ്റമ്മയുടെ വീട്ടിൽ പോകുന്നതു പോലെ എളുപ്പമുള്ള കാര്യമല്ല. ബാബയെ ഓർമ്മിക്കലാണ് പ്രധാനം. നിങ്ങൾക്ക് ബാബയെ ഓർമ്മിക്കാൻ സാധിക്കുന്നില്ല. ബാബയുടെ സേവനം, ബാബയുടെ ഓർമ്മ എത്ര ഉണ്ടായിരിക്കണം. ബാബ ദിവസവും പറയുന്നുണ്ട് കണക്ക് ഇല്ലാതാക്കൂ. ഏത് കുട്ടികൾക്കാണോ തന്റെ മംഗളം ചെയ്യുന്നതിന്റെ ചിന്തയുണ്ടായികൊണ്ടിരിക്കുന്നത് – അവർ എല്ലാ പ്രകാരത്തിലുമുള്ള പൂർണ്ണമായ പഥ്യം പാലിച്ചുകൊണ്ടിരിക്കും. അവരുടെ ഭക്ഷണ-പാനീയം വളരെ സ്വാത്ത്വികമായിരിക്കും.

ബാബ കുട്ടികളുടെ മംഗളത്തിന് വേണ്ടി വളരെയധികം മനസ്സിലാക്കി തരുന്നു. എല്ലാ പ്രകാരത്തിലുമുള്ള പഥ്യം ആവശ്യമാണ്. പരിശോധിക്കണം – നമ്മുടെ കഴിക്കുന്നതും കുടിക്കുന്നതും അങ്ങനെയുള്ളതല്ലല്ലോ? ലോഭമൊന്നുമില്ലല്ലോ? എപ്പോൾ വരെ കർമ്മാതീത അവസ്ഥ ആകുന്നില്ലയോ അതുവരെ മായ തലതിരിഞ്ഞ കർമ്മം ചെയ്യിപ്പിച്ചുകൊണ്ടിരിക്കും. സമയമെടുക്കും, പിന്നീട് അറിയാൻ സാധിക്കും – ഇപ്പോൾ വിനാശം മുന്നിലാണ്. അഗ്നി വ്യാപിക്കുന്നു. എങ്ങനെയാണ് ബോംബുകളെല്ലാം വീഴുന്നതെന്ന് നിങ്ങൾ കാണും. ഭാരതത്തിലാണെങ്കിൽ രക്തത്തിന്റെ നദികളൊഴുകും. അവിടെ ബോംബുകളാൽ പരസ്പരം അവസാനിപ്പിക്കും. പ്രകൃതി ക്ഷോഭങ്ങളുണ്ടാകും. ഏറ്റവും കൂടുതൽ ബുദ്ധിമുട്ടുകൾ ഭാരതത്തിലാണ്. തന്റെ മുകളിൽ വളരെയധികം ശ്രദ്ധ വെയ്ക്കണം, നമ്മൾ എന്ത് സർവ്വീസാണ് ചെയ്യുന്നത്? എത്ര പേരെ തനിക്കു സമാനം നരനിൽ നിന്നും നാരായണനാക്കി മാറ്റിയിട്ടുണ്ട്? ചിലർ ഭക്തിയിൽ വളരെയധികം അകപ്പെടുന്നു എന്നിട്ട് മനസ്സിലാക്കുന്നു – ഈ പെൺകുട്ടികൾ എന്താണ് പഠിപ്പിക്കുന്നത്. ഇവരെ പഠിപ്പിക്കുന്നത് ഭഗവാനാണെന്ന് അറിയുന്നില്ല. കുറച്ച് പഠിച്ചവരാണ് അഥവാ ധനമുണ്ടെങ്കിൽ കലഹിക്കാൻ തുടങ്ങും. അന്തസ്സ് നഷ്ടപ്പെടുത്തുന്നു. സദ്ഗുരുവിന്റെ നിന്ദ ചെയ്യിക്കുന്നവർ ഗതി പ്രാപിക്കില്ല. പിന്നീട് പോയി നയാ പൈസയുടെ പദവി നേടും. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) നിന്റെ-എന്റെ എന്ന ചിന്ത വിട്ട് തനിക്കു സമാനമാക്കുന്നതിനുള്ള സേവനം ചെയ്യണം. ഒരു ബാബയിൽ നിന്നു മാത്രം കേൾക്കണം, ബാബയെ മാത്രം ഓർമ്മിക്കണം, വ്യഭിചാരിയാകരുത്.

2) തന്റെ മംഗളത്തിന് വേണ്ടി ഭക്ഷണ-പാനീയത്തിൽ വളരെയധികം പഥ്യം പാലിക്കണം – ഒരു വസ്തുവിലും ലോഭം വയ്ക്കരുത്. മായ ഒരു തലതിരിഞ്ഞ കർമ്മവും ചെയ്യിപ്പിക്കാതിരിക്കാൻ ശ്രദ്ധിക്കണം.

**വരദാനം:- നിർണ്ണയ ശക്തിയിലൂടെയും നിയന്ത്രണ ശക്തിയിലൂടെയും സദാ സഫലതാ മൂർത്തിയായി ഭവിക്കൂ**

ഏതൊരു ലൗകിക അലൗകിക കാര്യത്തിലും സഫലത പ്രാപ്തമാക്കുന്നതിന് വേണ്ടി വിശേഷിച്ചും നിയന്ത്രണ ശക്തിയും നിർണ്ണയ ശക്തിയും ആവശ്യമാണ് എന്തുകൊണ്ടെന്നാൽ എപ്പോൾ ഏതൊരു ആത്മാവും താങ്കളുടെ സമ്പർക്കത്തിൽ വരുമ്പോൾ ആദ്യം നിർണ്ണയിക്കണം, ഇവർക്ക് എന്ത് വസ്തുവിന്റെ ആവശ്യമാണുള്ളത്, നാഡിയിലൂടെ തിരിച്ചറിഞ്ഞ് അവരുടെ ആഗ്രഹാനുസരണം അവരെ തൃപ്തരാക്കണം ഒപ്പം തന്റെ നിയന്ത്രണ ശക്തിയിലൂടെ മറ്റുള്ളവരിൽ തന്റെ അചഞ്ചല സ്ഥിതിയുടെ പ്രഭാവം പതിക്കണം - ഈ രണ്ട് ശക്തികളും സേവനത്തിന്റെ ക്ഷേത്രത്തിൽ സഫലതാമൂർത്തിയാക്കി മാറ്റുന്നു.

**സ്ലോഗൻ:- സർവ്വ ശക്തിവാനെ കൂട്ടുകാരനാക്കൂ അപ്പോൾ മായ കടലാസു പുലിയാകും.**

**അവ്യക്ത സൂചന - “കമ്പൈൻഡ് രൂപ സ്മൃതിയിലൂടെ സദാ വിജയിയാകൂ”**
സേവനത്തിന്റെ ക്ഷേത്രത്തിൽ ഭിന്ന-ഭിന്ന പ്രകാരത്തിലുള്ള വിഘ്നങ്ങൾ തനിക്കും സേവനത്തിനുമായി എന്തെല്ലാമാണോ വരുന്നത്, അതിന്റെയും കാരണം കേവലം ഇതാണ്, സ്വയത്തെ കേവല സേവാധാരിയെന്ന് മനസ്സിലാക്കുന്നു എന്നാൽ ഈശ്വരീയ സേവാധാരിയാണ്, കേവല സേവനത്തിലല്ല എന്നാൽ ഈശ്വരീയ സേവനത്തിലാണ് - ഈ സ്മൃതിയിലൂടെ ഓർമ്മയും സേവനവും സ്വതവേ സമന്വയിക്കുന്നു.